# അനുഗ്രഹങ്ങളെ നിഷേധിച്ചാൽ

അല്ലാഹുﷻ പറഞ്ഞു:

﴿ يَعۡرِفُونَ نِعۡمَتَ ٱللَّهِ ثُمَّ يُنكِرُونَهَا ﴾

(അല്ലാഹുവിന്റെ അനുഗ്രഹം അവർ മനസ്സിലാക്കുകയും, എന്നിട്ട് അതിനെ നിഷേധിക്കുകയുമാണ് ചെയ്യുന്നത്. ) (വി.ക്വു. 16: 83)

പ്രസ്തുത വചനത്തിന്റെ ആശയമായി ഇമാം മുജാഹിദ്ؒ പറഞ്ഞു: ''ഇത് എന്റെ സമ്പത്താണ്, എന്റെ പിതാക്കളിൽ നിന്നും അത് ഞാൻ അനന്തരമെടുത്തതാണ്''എന്ന് ഒരാൾ പറയലാണ്. ഔന് ഇബ്നു അബ്ദില്ലാഹ്ؒ പറഞ്ഞു: (ജനങ്ങൾ) പറയുന്നു: ''നിർണിത വ്യക്തികൾ ഇല്ലായിരുന്നുവെങ്കിൽ ഇപ്രകാരം ഉണ്ടാകുമായിരുന്നില്ല.''

ഇമാം ഇബ്നു കുതയ്ബഃؒ പറഞ്ഞു: ''ഇത് നമ്മുടെ ആരാധ്യന്മാരുടെ 'ശഫാഅത്ത് ' കൊണ്ട് ലഭിച്ചതാണ്.''

സെയ്ദ് ഇബ്നു ഖാലിദ്ؓ നിവേദനം ചെയ്ത, ''അല്ലാഹു പറഞ്ഞിരിക്കുന്നു: ഈ പുലരിയിൽ എന്റെ അടിമകളിൽ എന്നിൽ വിശ്വസിക്കുന്നവനും എന്നിൽ അവിശ്വസിക്കുന്നവനും ഉണ്ടായി രിക്കുന്നു...''എന്ന മുമ്പ് ഉദ്ധരിച്ച ഹദീഥിന് ശേഷം അബുൽ അബ്ബാസ്ؒ പറയുന്നു: ''ഇത് ക്വുർആനിലും സുന്നത്തിലും ധാരാളം കാണാം. അഥവാ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ താനല്ലാത്തവ രിലേക്ക് ചേർക്കുകയും തന്നിൽ പങ്കുചേർക്കുകയും ചെയ്യുന്നതിനെ അല്ലാഹുﷻ ആക്ഷേപിക്കുന്നതായിട്ട്.'' ചില സലഫുകൾ പറഞ്ഞു: ''ഇത് ചിലയാളുകളുടെ വാക്കുകൾ പോലെയുള്ളതിലാണ്. അഥവാ കാറ്റ് നല്ലതായിരുന്നു, കപ്പിത്താൻ നിപുണനായിരുന്നു. തുടങ്ങി ജനങ്ങൾ സംസാരിച്ചു കൊ ിരിക്കുന്ന (അല്ലാഹുﷻയെ മറന്നു കൊണ്ടുള്ള) വിഷയങ്ങളിലാണ്.

# കിതാബുത്തൗഹീദ് 2

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- നിഅ്മത്ത് മനസ്സിലാക്കുന്നതിന്റേയും അതിനെ നിഷേധിക്കുന്നതിന്റേയും വിവരണം.
- (അനുഗ്രഹ നിഷേധത്തിന്റെ വർത്തമാനങ്ങൾ) ആളുകളുടെ നാവുകളിൽ ഒഴുകി നടക്കുകയാണെന്ന് മനസ്സിലാക്കൽ.
- ഇത്തരം വർത്തമാനങ്ങൾ നിഅ്മത്തിനെ നിഷേധിക്കൽ ആണെന്ന നാമകരണം.
- ഹൃദയത്തിൽ വിരുദ്ധമായ രണ്ട് കാര്യങ്ങൾ സമ്മേളിക്കൽ.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**